പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. T * 216 08/07/2015 ൽ മറുപടിക്ക്

## ചികിത്സാ സഹായ പദ്ധതികൾ

| ചോദ്യം<br>ശ്രീ. കെ.അജിത്<br>,, വി.എസ്.സുനിൽ കുമാർ<br>,, പി.തിലോത്തമൻ<br>ശ്രീമതി.ഇ.എസ്.ബിജിമോൾ | | ഉത്തരം<br>ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് എത്ര തരം ചികിത്സാ സഹായ പദ്ധതികൾ നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | 13 തരം ചികിത്സാസഹായ പദ്ധതികൾ നിലവിലുണ്ട്. |
| ബി) | വിവിധ വകുപ്പുകളിൻ കീഴിൽ പ്രവർത്തിയ്ക്കുന്ന ഈ പദ്ധതികളെ സമഗ്രമായി സംയോജിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; | (ബി) | ഇക്കാര്യം സർക്കാർ പരിഗണിക്കുന്നതാണ്. |
| (സി) | ആസൂത്രണ ബോർഡിന്റെ ആരോഗ്യ മേഖലാ വിദഗ്ധ സമിതിയുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ റിപ്പോർട്ടിലെ പ്രധാന ശുപാർശകൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ? | (സി) | ഉണ്ട്. പ്രധാന ശുപാർശകൾ താഴെ പ്പറയുന്നവയാണ്.<br><br>(എ) പ്രാഥമികാരോഗ്യ മേഖല ശക്തി പ്പെടുത്തുക.<br>(ബി) ചികിത്സാചെലവ് കുറയ്ക്കാനായി വിവിധ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതികൾ ഏകോപിപ്പിച്ച് ഒരു കുടക്കീഴിൽ കൊണ്ടുവരിക.<br>(സി) സർക്കാർ ആശുപത്രികളിലെ സേവനങ്ങൾ ശക്തിപ്പെടുത്തുക.<br>(ഡി) പ്രാഥമിക, ദ്വിതീയ, തൃതിയ ചികിത്സ മേഖലകളിൽ മരുന്നു ലഭ്യതയും ലബോറട്ടറി സൗകര്യങ്ങളും ശക്തിപ്പെടുത്തുക.<br>(ഇ) പകർച്ചവ്യാധി രോഗങ്ങളും ജീവിതശൈലി രോഗങ്ങളും നിയന്ത്രിക്കാനും ചികിത്സിക്കാനുമുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുക.<br>(എഫ്) ആരോഗ്യ രംഗത്തെ മനുഷ്യവിഭവശേഷി വികസനം നടപ്പിലാക്കുക.<br>(ജി) ആരോഗ്യ സേവനങ്ങളുടെ ഗുണമേന്മ വർദ്ധിപ്പിക്കാനുമുള്ള പ്രവർത്തനങ്ങൾ |

| | | | |
|---|---|---|---|
| | | | നടപ്പിലാക്കുക.<br>(എച്ച്) വയോജന ആരോഗ്യ പരിപാടികളും അംഗപരിമിതർക്കുള്ള ആരോഗ്യ സേവനങ്ങളും നടപ്പിലാക്കുക.<br>(ഐ) തെളിവുകളെ അടിസ്ഥാനമാക്കിയുള്ള നയപരമായ തീരുമാനങ്ങൾ ആരോഗ്യ രംഗത്ത് നടപ്പിലാക്കുക. |

**സെക്ഷൻ ഓഫീസർ**